# മംഗളവാർത്തക്കാലം
## വചന വിചിന്തനം
### ദനഹാക്കാലം : നാലാം ഞായർ
### യോഹ 2,1–11

"മറിയത്തിന്റെ മഹത്വം,
അവൾ കരയുന്നവരുടെ കണ്ണുനീർ കണ്ടു എന്നതു മാത്രമല്ല,
മറിച്ച്,
ആ കണ്ണുനീരിനുള്ള പരിഹാരവും സമ്മാനിച്ചു എന്നുള്ളതാണ്!"

മനുഷ്യന്റെ കണക്കുകൂട്ടലുകൾ പിഴയ്ക്കുമ്പോൾ പിഴയ്ക്കാത്ത കണക്കു കൂട്ടലുകളുമായി നിൽക്കുന്നവൻ ക്രിസ്തു മാത്രമാണ്! അവനിൽ അഭയം തേടുക...

ഗലീലിയിലെ കാനായിൽ ഒരു വിവാഹവിരുന്നു നടക്കുന്നു. യേശുവും ശിഷ്യൻമാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു, കൂടെ മറിയത്തെയും. അവിടെ വീഞ്ഞു തീർന്നുപോകുന്നു. ആ കുടുംബത്തിന്റെ കണ്ണുനീർ കാണുന്നത് മറിയം മാത്രം. അതിന് പരിഹാരം തേടി ക്രിസ്തുവിൻെറ അമ്മ അവനോടു പറഞ്ഞു:

"അവർക്കു വീഞ്ഞില്ല..."

ഇത് കേൾക്കുന്ന ക്രിസ്തു മറിയത്തോടു പറഞ്ഞു:

"സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എൻെറ സമയം ഇനിയും ആയിട്ടില്ല."

ക്രിസ്തു പറഞ്ഞതിനെ മറ്റൊരു വാക്ക്യത്തിൽ വായിച്ചെടുത്താൽ, "സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എൻെറ സമയം ഇനിയും ആയിട്ടില്ല. പക്ഷെ, നിനക്ക് വേണ്ടി ഞാൻ ഇവിടെ അൽഭുതം സമ്മാനിക്കാം. അങ്ങനെ ഞാൻ എന്നെതന്നെ ലോകത്തിന് വെളുപ്പെടുത്തിയാൽ ഇന്നേയ്ക്ക് മൂന്നാമത്തെ വർഷം ഞാൻ ക്രൂശിക്കപ്പെടും. നിനക്ക് സമ്മതമാണെങ്കിൽ ഞാൻ അൽഭുതം ചെയ്യാൻ തയ്യാറാണ്!"

ഇതു കേൾക്കുന്ന മറിയം പിന്നീട് സംസാരിക്കുന്നത് ക്രിസ്തുവിനോടല്ല. മറിച്ച്, അവിടെയുള്ള പരിചാരകരോടാണ്. അവൻെറ അമ്മ പരിചാരകരോടു പറഞ്ഞു:

"അവൻ (ക്രിസ്തു) നിങ്ങളോടു പറയുന്നതു ചെയ്യുവിൻ."

അവിടെ യഹൂദരുടെ ശുദ്ധീകരണകർമത്തിന് വെള്ളം നിറയ്ക്കുന്ന, രണ്ടോ മൂന്നോ അളവു കൊള്ളുമായിരുന്ന, ആറു കൽഭരണികൾ ഉണ്ടായിരുന്നു. പരിചാരകരോട് യേശു അവരോടു കൽപിച്ചു:

"ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ..."

ഭരണികളിൽ നിറയപ്പെട്ട വെള്ളം രുചിച്ച് നോക്കിയ കലവറക്കാരൻ അൽഭുതം തിരിച്ചറിഞ്ഞു. പക്ഷെ, അത് എവിടെനിന്നാണെന്ന് അവൻ തിരിച്ചറിഞ്ഞില്ല. തുടർന്ന് കലവറക്കാരൻ മണവാളനെ വിളിച്ച് സാക്ഷ്യപ്പെടുത്തുകയാണ്;

"എല്ലാവരും മേൽത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു, അതിഥികൾക്കു ലഹരിപിടിച്ചുകഴിയുമ്പോൾ താഴ്ന്നതരവും. എന്നാൽ, നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ!"

കാനായിലെ വിവാഹവേളയിൽ ആ കുടുംബത്തെ വലിയ കണ്ണുനീരിൽ നിന്ന് കർത്താവ് രക്ഷിക്കുന്നുണ്ടെങ്കിൽ അതിന് ഒറ്റ കാരണം

മാത്രം. മറിയത്തിന്റെ മാദ്ധ്യസ്ഥം! അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്ത മാതാവിന്റെ സാന്നിദ്ധ്യത്തെ കാനായിലെ വിവാഹവീട്ടുക്കാർ ഉറപ്പാക്കിയതുക്കൊണ്ട്, ആ കുടുംബം വലിയ കണ്ണുനീരിൽ നിന്ന് അവളുടെ മാദ്ധ്യസ്ഥത്താൽ രക്ഷ പ്രാപിക്കുകയാണ്. ദനഹാക്കാലം ക്രിസ്തുവിന്റെ പ്രത്യക്ഷീകരണം, വെളിപ്പെടുത്തൽ, സൂര്യോദയം എന്നിവയൊക്കെയാണ് ധ്യാനിക്കുന്നതെങ്കിൽ അതിന് കാരണമായി നിലക്കൊള്ളുന്നത് മറിയം തന്നെയാണ്. കരയുന്നവരുടെ കണ്ണുനീർ കാണുവാനുള്ള മറിയത്തിന്റെ വലിയ മനസ്സും, അതുപ്പോലെ തന്നെ, ആ കണ്ണുനീർ തുടയ്ക്കുവാനുള്ള മറിയത്തിന്റെ വ്യഗ്രതയും അവളുടെ വലുപ്പം വർദ്ധിപ്പിക്കുന്നു.

കാനായിലെ കുടുംബത്തിന്റെ വലിയ പ്രതിസന്ധിക്ക് കാരണം വീഞ്ഞ് തീർന്നുപോയതാണ്... ഇന്ന്, നമ്മളുടെ കുടംബത്തിലെ പ്രതിസന്ധികൾക്കുളള കാരണവും ഇത് തന്നെയാണ്, സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും പങ്കുവയ്പ്പിന്റെയും തീർന്നുപ്പോക്ക്!

"നന്മകൾ മരിച്ചിട്ടില്ലെന്ന്..." തിരിച്ചറിവ് സമ്മാനിക്കുന്ന ഒരു കുറിപ്പ് കഴിഞ്ഞ ദിവസം വായിക്കാനിടയായി. വഴിയരികിലെ ഇലക്ട്രിക് പോസ്റ്റിൽ ഒരു തുണ്ട് കടലാസിൽ ഒരു കുറിപ്പ് എഴുതി കെട്ടി തൂക്കിയിട്ടിരിക്കുന്നു. സ്വാഭാവികമായും എല്ലാവരും അത് വായിക്കുന്നുണ്ട്. ചിലർ അത് വായിച്ച് എതിർ ദിശയിലെ ഊടു വഴിയിലൂടെ നടക്കുന്നു. എന്തായിരിക്കും അതിലെഴുതിയിരിക്കുന്നത്? നോക്കിയിട്ടുതന്നെ കാര്യം. അടുത്ത് ചെന്ന് നോക്കിയപ്പോൾ അറിയാത്ത ഭാഷ പ്രത്യേകിച്ച് തിരക്കൊന്നുമില്ലാത്തതിനാൽ അവിടെ തന്നെ നിൽക്കാമെന്ന് തീരുമാനിച്ചു. അതാ ഒരു പെൺകുട്ടി സൈക്കിൾ ചവിട്ടി വരുന്നു അടുത്തെത്തിയപ്പോൾ കുട്ടിയോട് ചോദിച്ചു;

"ബേട്ടീ, യേഹ് കാഗസ് പർ ക്യാ ലിഖാ ഹെ?"

സൈക്കിൾ ചവുട്ടിയിരുന്ന കുട്ടി കടലാസ് നോക്കി വായിച്ചിട്ട് മറുപടി പറഞ്ഞു;

"അങ്കിൾ ഇവിടെ അടുത്ത് ഒരു കാഴ്ച കുറവുള്ള ഒരു വൃദ്ധയായ അമ്മൂമ്മയുടെ 50 രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. ആർക്കെങ്കിലും ലഭിക്കുകയാണെങ്കിൽ ഇതിലെഴുതിയിരിക്കുന്ന വിലാസത്തിൽ എത്തിച്ചു കൊടുത്താൽ വലിയ ഉപകാരമാകും എന്നാണ് എഴുതിയിരിക്കുന്നത്. ഓകെ അങ്കിൾ ബൈ..."

അതിലെഴുതിയ വിലാസം തേടി ആ ഊടു വഴിയിലൂടെ കുറച്ചു ദൂരം നടന്നു ഒന്ന് രണ്ട് പേരോട് ചോദിച്ചപ്പോൾ തന്നെ അങ്ങനെ ഒരു വൃദ്ധ അവിടെ താമസിക്കുന്നുണ്ടെന്ന് മനസ്സിലായി. ഒടുവിൽ ആ കൂരയ്ക്ക് മുന്നിലെത്തി. ഒറ്റ മുറിയുടെ ചായിപ്പിൽ വ്യക്തമായ കാഴ്ചയില്ലാത്ത എല്ലും തോലുമായി ഒരു മനുഷ്യ കോലം. പെരുമാറ്റ ശബ്ദം കേട്ടിട്ടാകാം കൂരയ്ക്കുളളിൽ നിന്ന് ശ്രദ്ധിച്ചാൽ മാത്രം കേൾക്കാവുന്ന ശബ്ദത്തിൽ ചോദിച്ചു;

"ആരാ..?"

ആ മനുഷ്യകോലത്തിന്റെ രൂപം കണ്ടപ്പോൾ അയ്യാൾ ഉടനെ പറഞ്ഞു;

"അമ്മേ, എനിക്ക് വഴിയിൽ നിന്നും ഒരു 50 രൂപ വീണു കിട്ടിയിട്ടുണ്ട് അത് നൽകുവാൻ വന്നതാണ്..."

ഉടനേ അവർ കരയാൻ തുടങ്ങി... എന്നിട്ട് പറഞ്ഞു;

"മോനേ ഇന്നലേയും ഇന്നുമായിട്ട് മുപ്പതോളം ആളുകൾ 50 രൂപ വീണു കിട്ടിയിട്ടുണ്ടെന്ന് പറഞ്ഞ് ഏൽപ്പിച്ചിട്ട് പോയി. മോനേ, ഞാനങ്ങനെ ഒരു എഴുത്തും എഴുതിയിട്ടില്ല. എനിക്ക് എഴുതാനും അറിയില്ല. കളഞ്ഞു പോകാൻ എന്റെ കയ്യിൽ 50 രൂപയും ഉണ്ടായിരുന്നില്ല..."

ആ അമ്മച്ചിയുടെ മറുപടി കേട്ടപ്പോൾ അയ്യാൾ പറഞ്ഞു;

"സാരമില്ല ഇത് വെച്ചോളൂ..."

ആ മകനെ അനുഗ്രഹിച്ച് ആ അമ്മ യാത്രയാക്കിയപ്പോൾ ഇപ്രകാരം കൂടി പറഞ്ഞേൽപ്പിച്ചു;

"മോനേ പോകുന്ന വഴിക്ക് ആ എഴുത്ത് കീറി കളയണേ..."

"ശരി..."

തിരിച്ച് പോരുമ്പോഴും മറ്റൊരാൾ ആ കുറിപ്പ് വായിച്ച് വിലാസം ചോദിച്ചറിയുന്നത് കണാനായി. കീറി കളയുവാൻ എല്ലാവരോടും പറയുന്നുണ്ടാകും. എന്നാൽ, ആരും തന്നെ അതിന് മുതിരുന്നില്ല. നൻമകൾ മരിച്ചിട്ടില്ലെന്ന് നമുക്ക് മനസ്സിലാക്കാം... ആ കുറിപ്പ് എഴുതിയ വ്യക്തി എത്ര വലിയവൻ! ഒരു തുണ്ട് കടലാസും ഏതാനും മഷി തുള്ളികളും എത്ര മഹത്തായ കാര്യമാണ് ചെയ്യുന്നത്. ഇത്തരം വ്യക്തികളിലൂടെ മറിയം ജനനം കൊള്ളുകയാണ് ഇന്നത്തെ സമൂഹത്തിൽ.

ആ കുടുംബത്തിന്റെ കണ്ണുനീരിന് പരിഹാരമായി മറിയം ചെയ്യുന്നത് ക്രിസ്തുവിനെ ചൂണ്ടി കാണിക്കുകയാണ്. അവൾക്കുറപ്പാണ്, ക്രിസ്തുവിനെ ചൂണ്ടി കാണിച്ച് കൊടുത്താൽ അവിടെ പരിഹാരം മാത്രമല്ല, മറിച്ച്, സമൃദ്ധിയും ഉണ്ടാകുമെന്ന്. കേവലം ഒരു വീപ്പ വീഞ്ഞ് ലഭിച്ചാൽ പരിഹാരം ലഭിക്കാവുന്ന ഇടത്ത് 75 ലീറ്റർ വീഞ്ഞ് കൊള്ളാവുന്ന ആറ് കൽഭരണി നിറയെ വീഞ്ഞാണ് ക്രിസ്തു സമ്മാനിക്കുന്നത്! ചുരുക്കത്തിൽ, ചുരുങ്ങിയത് മൂന്ന് കല്ല്യാണമെങ്കിലും നടത്താവുന്ന വീഞ്ഞാണ് ക്രിസ്തു കാനായിലെ വിവാഹവിരുന്നിലെ കണ്ണുനീർ തുടച്ച് നീക്കുന്നതിന് വേണ്ടി സമ്മാനിക്കുന്നത്. അതും, മനുഷ്യനിർമ്മിതായ വീഞ്ഞിനേക്കാൾ ഗുണവും, രുചിയും, വീര്യവും കൂടിയത്! വ്യഗ്യാർത്ഥം വിവേചിച്ചെടുത്താൽ, "ക്രിസ്തു സമ്മാനിക്കുന്നത് ഒരിക്കലും എണ്ണി ചുട്ടെടുത്ത അപ്പംപ്പോലെ ഒന്നോ രണ്ടോ അല്ല. മറിച്ച്, സമൃദ്ധിയാണ്." ഈ സമൃദ്ധിയിലേയ്ക്ക് കാനായിലെ ആ കുടുംബത്തെ നയിക്കുന്നത് മാതാവിന്റെ മാദ്ധ്യസ്ഥം തന്നെയാണ്. എങ്കിൽ, സമൃദ്ധി വേണോ, മാതാവിലൂടെ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഉറപ്പാക്കുക... ക്രിസ്തുവിലേയ്ക്ക് വളരുക... മാതാവിന്റെ മാദ്ധ്യസ്ഥത്തിൽ പ്രാർത്ഥിക്കുക...

ക്രിസ്തുവിനെ നടുക്കു നിർത്തുന്ന കാനായിലെ കുടുംബം ആനന്ദത്തിലേയ്ക്ക് നടന്നടുക്കുന്നു! ആനന്ദം സ്വന്തമാക്കാനുള്ള വലിയ വഴിയും ഇത് തന്നെയാണ്... ക്രിസ്തുവിനെ ജീവിതത്തിന്റെ, കുടുംബത്തിന്റെ നടുക്ക് നിർത്തുക!

"പഴയ മനുഷ്യനെ
അവന്റെ ചെയ്തികളോടുകൂടെ നിഷ്കാസനംചെയ്യുവിൻ.
സമ്പൂർണ്ണജ്ഞാനം കൊണ്ടു സ്രഷ്ടാവിന്റെ പ്രതിച്ഛായയ്ക്കനുസൃതമായി നവീകരിക്കപ്പെടുന്ന പുതിയ മനുഷ്യനെ ധരിക്കുവിൻ."

കൊളോ 3,10

**ഫാ. ജോബി മേനോത്ത്**
+91 944 7777 931